**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അനധികൃതാവധിക്കു ശേഷം അസിസ്റ്റന്റ് സർജനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 3661/17/ആ.കു.വ തീയതി 27.12.2017
2. സ.ഉ (സാധാ) നം. 200/18/ആ.കു.വ തീയതി 19.01.2018
3. മേലെഴുത്ത് നം. ഇ.എ4- 14360/17/ആ.വ.ഡ തീയതി 19.01.2018
4. മേലെഴുത്ത് നം. ഇ.ബി1- 59381/17/ആ.വ.ഡ തീയതി 23.01.2018

**ഉത്തരവ് നം. ഇ.എ2- 444/18/ആ.വ.ഡ തീയതി 24.01.2018**

താഴെ പറയുന്ന മെഡിക്കൽ ആഫീസർമാരെ അനധികൃതാവധിക്കു ശേഷം അച്ചടക്ക നടപടിക്കു വിധേയമായി, അസിസ്റ്റന്റ് സർജനായി പുനർനിയമനം നൽകാൻ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. ടി സാഹചര്യത്തിൽ താഴെ പറയുന്ന മെഡിക്കൽ ആഫീസർമാരെ ഉചിതമായ സ്ഥാപനങ്ങളിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| നം. | പേര് | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ. നദിയാറോസ്<br>കനക്കാപ്പിള്ളി ഹൗസ്, തെങ്ങോട്.പി.ഒ,<br>കാക്കനാട്- 682030 | അസിസ്റ്റന്റ് സർജൻ<br>ജില്ലാ ആശുപത്രി<br>ഇടുക്കി |
| 2 | ഡോ. അബ്ദുൽ റഷീദ്.കെ<br>കൊപ്പത്ത് ഹൗസ്,<br>പെരുമുടിയൂർ.പി.ഒ, പട്ടാമ്പി | കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ<br>താലൂക്ക് ആശുപത്രി ഒറ്റപ്പാലം<br>പാലക്കാട് |

ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുന:പ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ജീവനക്കാർ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**